പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1829 26-10-2026-ൽ മറുപടിയ്ക്ക്

മഞ്ചേശ്വരം മണ്ഡലത്തിലെ റസ്റ്റ് സ്റ്റോപ്പ് പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. എ. കെ. എം. അഷ്റഫ്	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ തലപ്പാടിയിലെ സർക്കാർ ഭൂമിയിൽ റസ്റ്റ് സ്റ്റോപ്പ് പദ്ധതി പ്രകാരം സ്വകാര്യ കമ്പനികൾക്കോ ഫ്രാഞ്ചൈസി സ്ഥാപനങ്ങൾക്കോ ഭക്ഷണശാലകൾ,കടകൾ,ഇന്ധനനിലയങ്ങൾ തുടങ്ങിയ വാണിജ്യസ്ഥാപനങ്ങൾ നടത്താൻ അനുമതി നൽകുന്നതിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: തലപ്പാടി റെസ്റ്റ് സ്റ്റോപ്പ് പദ്ധതി നടപ്പിലാക്കുന്നത് കമ്പനീസ് ആക്ട് 2013 പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നതും മന്ത്രിസഭ അംഗീകരിച്ച മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ (MOA), ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ (AOA) എന്നിവ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നതുമായ 100% സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനമായ ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് (OKIHL) ആണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള സേവനം ഉറപ്പാക്കുന്നതിനും റെസ്റ്റ് സ്റ്റോപ്പ് ശൃംഖലയുടെ വിജയം ഉറപ്പുവരുത്തുന്നതിനുമായി ഏറ്റവും അനുയോജ്യമായ സ്ഥാപനങ്ങളെ കണ്ടെത്തുകയും ലൈസൻസ് നൽകുകയും ചെയ്യുന്നത് OKIHL ബോർഡിന്റെ മേൽനോട്ടത്തിൽ കമ്പനി മാനേജ്മെന്റിന്റെ ചുമതലയാണ്. സ്വകാര്യ കമ്പനികൾക്കോ ഫ്രാഞ്ചൈസി സ്ഥാപനങ്ങൾക്കോ ഭക്ഷണശാലകൾ,കടകൾ, ഇന്ധനനിലയങ്ങൾ തുടങ്ങിയ വാണിജ്യസ്ഥാപനങ്ങൾ നടത്താൻ അനുമതി നൽകുന്നതിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും റെസ്റ്റ് സ്റ്റോപ്പിന്റെ പണി പൂർത്തിയാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(ബി) ഭൂമി അനുവദിക്കുന്നതിനായി ഇറക്കിയ ടെൻഡർ,ലേലം,അപേക്ഷ ക്ഷണിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

മറുപടി: ഈ പദ്ധതിയുടെ ഭാഗമായി ഭൂമി അനുവദിക്കുന്നത് സ്വകാര്യ ആവശ്യങ്ങൾക്കല്ലാത്തതിനാൽ ഇ-ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) ഭൂമി അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള പാട്ടത്തുക, ലൈസൻസ് ഫീസ്,വരുമാനവിഹിതം അല്ലെങ്കിൽ മറ്റ് സാമ്പത്തിക ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: റവന്യൂ അധികാരികൾ നിശ്ചയിച്ച വിപണി വിലയ്ക്ക്, ഉടമസ്ഥാവകാശവ്യവസ്ഥയിലാണ് ഭൂമി കൈമാറ്റം ചെയ്തത്.

(ഡി) വ്യവസ്ഥകൾ ലംഘിക്കപ്പെടുകയോ നിശ്ചിത സമയത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാതിരിക്കുകയോ ചെയ്താൽ ഭൂമി തിരിച്ചെടുക്കുന്നതിനോ കരാർ റദ്ദാക്കുന്നതിനോ വ്യവസ്ഥകളുണ്ടോയെന്ന് വിശദമാക്കാമോ;

മറുപടി: G.O.(Ms)No.254/2022/RD തീയതി :29-10-2022, G.O.(Ms) No.25/2024/RD തീയതി: 25-01-2024 എന്നീ സർക്കാർ ഉത്തരവുകളിൽ താഴെ പറയുന്ന നിബന്ധനകൾ നിശ്ചയിച്ചിട്ടുണ്ട്:

i)ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

ii)ഭൂമി സ്വമേധയാ വിൽപ്പന മൂലം കൈമാറ്റം ചെയ്യാൻ പാടില്ല, എന്നാൽ ഭൂമിയുടെ ഈടിന്മേൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കാവുന്നതാണ്;

iii)ഭൂമി എല്ലാത്തരത്തിലുമുള്ള കയ്യേറ്റങ്ങളിൽ നിന്നും OKIHL തന്നെ സംരക്ഷിച്ചു നിർത്തേണ്ടതാണ്;

iv) ഭൂമിയിൽ നിന്നും മണ്ണോ പാറയോ ഖനനം ചെയ്യാൻ പാടില്ല,

v)ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല, അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷത്തൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതുമാണ്,

(vi) ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദ്ദിഷ്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്;

vii)പതിച്ചു നൽകുന്ന വസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്;

viii)മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

(ഇ) തലപ്പാടി റസ്റ്റ് സ്റ്റോപ്പ് പദ്ധതിക്ക് ഭരണാനുമതി നൽകിയ സർക്കാർ ഉത്തരവിന്റെ നമ്പർ, തീയതി,പദ്ധതി ചെലവ് എന്നിവ വ്യക്തമാക്കാമോ;

മറുപടി: കമ്പനീസ് ആക്ട് 2013 പ്രകാരം പ്രവർത്തിക്കുന്നതും മന്ത്രിസഭ അംഗീകരിച്ച മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ (Memorandum of Association), ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ (Articles of Association) എന്നിവ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നതുമായ ഒരു കോർപ്പറേറ്റ് സ്ഥാപനമാണ് പദ്ധതി നടപ്പിലാക്കുന്നത് എന്നതിനാൽ, ആവശ്യമായ എല്ലാ അനുമതികളും മുഖ്യമന്ത്രി ചെയർമാനും വിവിധ ഗവൺമെന്റ് സെക്രട്ടറിമാർ ഡയറക്ടർമാരുമായ കമ്പനിയുടെ ഡയറക്ടർ ബോർഡ് ആണ് നൽകിയത്.

(എഫ്) പദ്ധതിയുടെ വിശദമായ പദ്ധതിരേഖ, അംഗീകരിച്ച രൂപരേഖ,നിർമാണ എസ്റ്റിമേറ്റ് എന്നിവ ഏത് അധികാരിയാണ് അംഗീകരിച്ചത്; പദ്ധതിയുടെ നിർമാണത്തിനും മറ്റ് സേവനങ്ങൾക്കുമായി കരാറുകൾ നൽകിയിട്ടുണ്ടെങ്കിൽ കരാർ ലഭിച്ച സ്ഥാപനങ്ങളുടെ പേരുകൾ,കരാർ തുകകൾ,കരാർ കാലാവധി എന്നിവ വ്യക്തമാക്കാമോ;

മറുപടി: കമ്പനീസ് ആക്ട് 2013 പ്രകാരം പ്രവർത്തിക്കുന്നതും മന്ത്രിസഭ അംഗീകരിച്ച മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ എന്നിവ അടിസ്ഥാനമാക്കിയും

പ്രവർത്തിക്കുന്നതുമായ ഒരു കോർപ്പറേറ്റ് സ്ഥാപനമാണ് പദ്ധതി നടപ്പിലാക്കുന്നത് എന്നതിനാൽ, കിഫ്ബി (KIIFB), OKIHL എന്നിവയിൽ നിന്നുള്ള അംഗങ്ങൾ ഉൾപ്പെടുന്ന ടെൻഡർ സാങ്ഷൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ഡിസൈൻ,ബജറ്റ് തുടങ്ങിയവയ്ക്കുള്ള അംഗീകാരങ്ങൾ നൽകുന്നത് കമ്പനിയുടെ ബോർഡ് ആണ്.

(ജി) പ്രസ്തുത ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട് നിലവിലുള്ള എല്ലാ സർക്കാർ ഉത്തരവുകളുടെയും അനുമതികളുടെയും കരാറുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ?

<u>മറുപടി:</u> സ്ഥലം കൈമാറ്റവുമായി ബന്ധപ്പെട്ട താഴെ പറയുന്ന രണ്ട് സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം 1 & 2 ആയി ചേർക്കുന്നു:

1) G.O.(Ms)No.254/2022/RD തീയതി : 29-10-2022

2) G.O.(Ms) No.25/2024/RD തീയതി : 25-01-2024

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

G.O.(Ms)No.254/2022/RD

"ഒരുനോഷ- മാതുനോഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിൽ ഹൊസബെട്ടു ബങ്കര മഞ്ചേശ്വരം ഗ്രൂപ്പ് വില്ലേജിലെ ബങ്കര മഞ്ചേശ്വരം വില്ലേജിൽ തലപ്പാടി എന്ന സ്ഥലത്ത് ജി.എസ്.ടി വകുപ്പിന്റെ കൈവശത്തിലുള്ള 2.2 ഹെക്ടർ ഭൂമി റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കി പാതയോര അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതിന് മാത്രമായി നിബന്ധനകൾക്ക് വിധേയമായി കമ്പോളവിലയ്ക്ക് ഓണർഷിപ്പിൽ ഓവർസീസ് കേരള ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിംഗ് ലിമിറ്റഡ് (OKIHL) ന് പതിച്ച് നൽകുന്നതിന് അനുമതി നൽകിയും ഭൂമിവില ഷെയറുകളായി സർക്കാരിന് നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ തുടർനടപടി കൈക്കൊള്ളുവാൻ നോർക്ക വകുപ്പിനെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ(എം) വകുപ്പ്

G.O.(Ms)No.254/2022/RD തീയതി,തിരുവനന്തപുരം, 29-10-2022

പരാമർശം:-

1. ഓവർസീസ് കേരള ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിംഗ് ലിമിറ്റഡ് (OKIHL) മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച 29.07.2021ലെ OKIH/RS/2021/L-07/015/Norka/001 നമ്പർ അപേക്ഷ

2 ബഹു. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 28.7.2021ന് ചേർന്ന യോഗത്തിലെ തീരുമാനം

3 ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 21.2.2022ന് ചേർന്ന യോഗത്തിലെ തീരുമാനം

4 ലാൻഡ് റവന്യൂ കമ്മീഷണറുടെ 04.04.2022ലെ എൽ.ആർ/3818/2022-എൽ.ആർ(ജെ10) നമ്പർ കത്ത്

ഉത്തരവ്

ഓവർസീസ് കേരള ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിംഗ് ലിമിറ്റഡ് (OKIHL) ന് കാസർഗോഡ് ജില്ലയിൽ പാതയോര വിശ്രമ കേന്ദ്രം സ്ഥാപിക്കുന്നതിനായി ബങ്കര മഞ്ചേശ്വരം വില്ലേജിലെ സർവ്വേ 92-94ൽപ്പെട്ട, സെയിൽസ് ടാക്സ് വകുപ്പ് ഉപയോഗിച്ചിരുന്ന ഏകദേശം 9 ഏക്കർ ഭൂമിയിൽ നിന്നും ദേശീയപാതാ വികസനത്തിനു വേണ്ട സ്ഥലം ഒഴിവാക്കി ബാക്കി സ്ഥലം അനുവദിക്കണമെന്നഭ്യർത്ഥിച്ച് പരാമർശം (1) പ്രകാരം OKIHL മാനേജിംഗ് ഡയറക്ടർ സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.

2) ബഹു. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 28.7.2021ന് ചേർന്ന യോഗത്തിൽ റസ്റ്റ് സ്റ്റോപ്പ് പദ്ധതിയ്ക്കായി ആലപ്പുഴ ജില്ലയിലും കാസർഗോഡ്

ജില്ലയിലും കണ്ടെത്തിയിട്ടുള്ള ഭൂമി കമ്പോള വിലയ്ക്ക് പതിച്ചു നല്കുന്നതിലേക്കായി ഭൂമിയുടെ കമ്പോളവില നിർണ്ണയിക്കേണ്ടതാണെന്നും കമ്പോള വിലയ്ക്ക് ഭൂമി ലഭ്യമാക്കുന്നതിന് OKIHL നു ധനകാര്യ വകുപ്പ് ഗ്രാന്റ് നൽകേണ്ടതാണെന്നും തീരുമാനിച്ചിരുന്നു.

3) ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 21.2.2022 ന് ചേർന്ന യോഗത്തിൽ ആലപ്പുഴ ജില്ലയിലെ ചേർത്തലയിലും കാസർഗോഡ് ജില്ലയിലെ തലപ്പാടിയിലും നിർദ്ദേശിക്കപ്പെട്ട ഭൂമി കമ്പോള വിലയ്ക്ക് ഓണർഷിപ്പിൽ പതിച്ചുനൽകുന്ന വിഷയം മന്ത്രിസഭയുടെ സത്വര പരിഗണനക്കു വയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും അതിൻപ്രകാരം തുടർനടപടി സ്വീകരിക്കുന്നതിലേക്കായി പ്രസ്തുത ഭൂമിയുടെ ആസ്തിബാധ്യതകൾ ഉൾപ്പടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കാൻ ലാൻഡ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെടുകയും ചെയ്തു

4) കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിൽ ഹൊസബെട്ടു ബങ്കര മഞ്ചേശ്വരം ഗ്രൂപ്പ് വില്ലേജിലെ ബങ്കര മഞ്ചേശ്വരം വില്ലേജിൽ തലപ്പാടി എന്ന സ്ഥലത്ത് റീ സർവ്വെ നം. 92/7B, 92/8B, 92/9B, 92/10B, 93/6B, 94/1, 94/4, എന്നിവയിൽപ്പെട്ട ജി.എസ്.ടി.വകുപ്പിന്റെ അധീനതയിലുള്ള 3.0231 ഹെക്ടർ ഭൂമി OKHILന് പാതയോര അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതിന് കമ്പോള വിലയ്ക്ക് കൈമാറി നൽകുന്നതിനുള്ള പ്രൊപ്പോസൽ മഞ്ചേശ്വരം തഹസിൽദാർ ജില്ലാ കളക്ടർ മുഖേന സമർപ്പിച്ചിട്ടുള്ളതായും പ്രസ്തുത ഭൂമിയുടെ കമ്പോള വില ₹5,77,70,405/-(അഞ്ചുകോടി എഴുപത്തിയേഴ് ലക്ഷത്തി എഴുപതിനായിരത്തി നാന്നൂറ്റി അഞ്ച് രൂപ) കണക്കാക്കിയിട്ടുള്ളതായും പരാമർശം (4) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചു. പ്രസ്തുത സ്ഥലത്തിന് ലാൻഡ് അക്വിസിഷൻ പ്രകാരം ഏറ്റെടുത്ത വകയിൽ കോടതിയിൽ നിലവിലുള്ള രണ്ട് LAR കേസുകളിലായി ₹ 1,54,28,546/-(ഒരുകോടി അൻപത്തിനാല് ലക്ഷത്തി ഇരുപത്തി എട്ടായിരത്തി അഞ്ഞൂറ്റി നാൽപത്തിയാറ് രൂപ)യുടെ ബാധ്യത ഉണ്ടെന്നും ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിരുന്നു.

5) സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേരള ഭൂപതിവ് ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഇതൊരു പ്രത്യേക കേസായി പരിഗണിച്ച്, കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിൽ ഹൊസബെട്ടു ബങ്കര മഞ്ചേശ്വരം ഗ്രൂപ്പ് വില്ലേജിലെ ബങ്കര മഞ്ചേശ്വരം വില്ലേജിൽ തലപ്പാടി എന്ന സ്ഥലത്ത് റീ സർവ്വെ നം. 92/7B, 92/8B, 92/9B, 92/10B, 93/6B, 94/1, 94/4, എന്നിവയിൽപ്പെട്ട ജി.എസ്.ടി വകുപ്പിന്റെ കൈവശത്തിലുള്ള 3.0231 ഹെക്ടർ ഭൂമിയിൽ നിന്നും 2.2 ഹെക്ടർ ഭൂമി റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കി പാതയോര അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതിന് മാത്രമായി ബാധ്യതകൾ ഒഴിവാക്കി ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കമ്പോളവിലയ്ക്ക് ഓണർഷിപ്പിൽ OKIHL ന് പതിച്ച് നൽകുന്നതിന് അനുമതി നൽകിയും, നിയമ, ധനകാര്യ വകുപ്പുകളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഭൂമിവില ഷെയറുകളായി സർക്കാരിന് നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ തുടർനടപടി കൈക്കൊള്ളുവാൻ നോർക്ക വകുപ്പിനെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

നിബന്ധനകൾ:

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

ii) ഭൂമി അന്യാധീനപ്പെടുത്തുവാൻ പാടുള്ളതല്ല;

iii)ഭൂമി എല്ലാതരത്തിലുള്ള കയ്യേറ്റങ്ങളിൽ നിന്നും **OKIHL** തന്നെ സംരക്ഷിച്ചു നിർത്തേണ്ടതാണ്;

iv)ഭൂമിയിൽ നിന്നും മണ്ണോ പാറയോ ഖനനം ചെയ്യാൻ പാടില്ല;

v)ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല, അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളു. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്;

vi) ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദ്ദിഷ്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്;

vii) പതിച്ചു നൽകുന്ന വസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്;

viii)മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

6. ഈ വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ കാസർഗോഡ് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR A JAYATHILAK I A S
ADDITIONAL CHIEF SECRETARY

മാനേജിംഗ് ഡയറക്ടർ, OKIH Limited, 6th floor, നോർക്ക സെന്റർ, തൈയ്ക്കാട്, തിരുവനന്തപുരം-14.
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കാസർഗോഡ്.
തഹസിൽദാർ, മഞ്ചേശ്വരം താലൂക്ക്.
നോർക്ക (എ) വകുപ്പ്
നികുതി വകുപ്പ്
ധനകാര്യ വകുപ്പ് (14.12.2021-ലെ EXP-A2/265/2021-FIN പ്രകാരം)
പൊതുഭരണ (എസ്.സി)വകുപ്പ് (25/05/2022-ലെ ഇനം നം.765 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Kumari Sindhu S
Date: 29-10-2022 14:04:45
സെക്ഷൻ ഓഫീസർ

അനുബന്ധം - 2

സ.ഉ.(കൈ) നം.25/2024/RD

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിൽ ഹൊസബെട്ടു ബങ്കര മഞ്ചേശ്വരം ഗ്രൂപ്പ് വില്ലേജിലെ ബങ്കര മഞ്ചേശ്വരം വില്ലേജിൽ തലപ്പാടി എന്ന സ്ഥലത്ത് 2.2 ഹെക്ടർ ഭൂമി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിംഗ് ലിമിറ്റഡ് (OKIHL)ന് പാതയോര അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതിനായി പതിച്ചു നൽകുന്നതിന് അനുമതി നൽകി പുറപ്പെടുവിച്ച 29.10.2022ലെ ജി.ഒ(എം.എസ്)254/2022/റവ നമ്പർ ഉത്തരവ് ഭേദഗതി വരുത്തി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ(എം)വകുപ്പ്

സ.ഉ.(കൈ) നം.25/2024/RD തീയതി,തിരുവനന്തപുരം, 25-01-2024

പരാമർശം:-

1. 29.10.2022ലെ ജി.ഒ(എം.എസ്)254/2022/റവ നമ്പർ ഉത്തരവ്.
2. OKIHL മാനേജിംഗ് ഡയറക്ടറുടെ 17/11/2022-ലെ OKIH/2022/എൽ-11/07/001കെ.എസ്.ജി നമ്പർ അപേക്ഷ.
3. OKIHL മാനേജിംഗ് ഡയറക്ടറുടെ 14.12.2022ലെ OKIH/2022/L-12/03/001RSKSG നമ്പർ അപേക്ഷ

ഉത്തരവ്

കാസർകോഡ് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിൽ ഹൊസബെട്ടു ബങ്കര മഞ്ചേശ്വരം ഗ്രൂപ്പ് വില്ലേജിലെ ബങ്കര മഞ്ചേശ്വരം വില്ലേജിൽ തലപ്പാടി എന്ന സ്ഥലത്ത് റീസർവ്വേ നം. 92/7B, 92/8B, 92/9B, 92/10B, 93/6B, 94/1, 94/4 എന്നിവയിൽപ്പെട്ട, ജി.എസ്. ടി വകുപ്പിന്റെ കൈവശത്തിലുള്ള 3.0231 ഹെക്ടർ ഭൂമിയിൽ നിന്നും 2.2 ഹെക്ടർ ഭൂമി റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കി പാതയോര അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതിന് മാത്രമായി നിബന്ധനകൾക്ക് വിധേയമായി കമ്പോളവിലയ്ക്ക് ഓണർഷിപ്പിൽ കേരള ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിംഗ് ലിമിറ്റഡ് (OKIHL) ന് പതിച്ച് നല്കുന്നതിന് അനുമതി നല്കിയും ഭൂമിവില ഷെയറുകളായി സർക്കാരിന് നല്കുന്നത് സംബന്ധിച്ച വിഷയത്തിൽ തുടർ നടപടി കൈക്കൊള്ളുവാൻ നോർക്ക വകുപ്പിനെ ചുമതലപ്പെടുത്തിയും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) പദ്ധതി നടത്തിപ്പിനായി ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് ഫണ്ട് കണ്ടെത്തുന്നതിന് മേല്പറഞ്ഞ ഉത്തരവിലെ ii,iv,v,vii,viii നിബന്ധനകൾ തടസ്സമായതിനാൽ ടി വ്യവസ്ഥകൾ ഒഴിവാക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്യണമെന്നും, പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് പരമാവധി റോഡ് ഫ്രണ്ടേജ് ലഭിയ്ക്കുന്നതിനായി, അനുവദിച്ച ഭൂമിയിൽ 92/2B,93/8,93/6(A) എന്നീ സർവ്വേ നമ്പരുകൾ കൂടി ഉൾപ്പെടുത്തണമെന്നും OKIHL മാനേജിംഗ് ഡയറക്ടർ പരാമർശം (2), (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ്

ആന്റ് ഹോൾഡിംഗ് ലിമിറ്റഡ് (OKIHL)ന് പാതയോര അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതിനായി കാസർഗോഡ് ജില്ലയിൽ തലപ്പാടി എന്ന സ്ഥലത്ത് ഭൂമി പതിച്ചുനൽകുന്നതിന് അനുമതി നൽകി പുറപ്പെടുവിച്ച പരാമർശം (1) ലെ ഉത്തരവ്, പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി, ചുവടെ പറയുന്ന രീതിയിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) "ഭൂമി അന്യാധീനപ്പെടുത്തുവാൻ പാടുള്ളതല്ല" എന്ന വ്യവസ്ഥ ഒഴിവാക്കി പകരം "ഭൂമി സ്വമേധയാ വില്പന മൂലം കൈമാറ്റം ചെയ്യാൻ പാടില്ല, എന്നാൽ ഭൂമിയുടെ ഈടിന്മേൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കാവുന്നതാണ്" എന്ന വ്യവസ്ഥ ഉൾപ്പെടുത്തുന്നു

2) 8 മീറ്റർ വീതിയിൽ വഴിക്ക് മാറ്റി വച്ചിട്ടുള്ളത് കൂടാതെ 4 മീറ്റർ കൂടി OKIHLന് പതിച്ചു നൽകിയ ഭൂമിയിൽ നിന്നും എടുത്ത്, പതിച്ചു നൽകിയ ഭൂമിക്ക് ചുറ്റും ബാക്കി ഭൂമിയിലേക്ക് കൂടി പ്രവേശനം കിട്ടത്തക്ക വിധം 12 മീറ്റർ വീതിയിലുള്ള റോഡ് OKIHL നിർമ്മിക്കേണ്ടതാണ് എന്ന നിബന്ധനയ്ക്ക വിധേയമായി, OKIHL ന് പതിച്ചു നൽകുന്നതിന് അനുമതി നൽകിയ ബങ്കര മഞ്ചേശ്വരം വില്ലേജിലെ റീ സർവ്വെ നം. 92/7B, 92/8B, 92/9B, 92/10B, 93/6B, 94/1, 94/4, എന്നിവയിൽപ്പെട്ട 2.2 ഹെക്ടർ ഭൂമി എന്നത് 92/2ബി, 92/7ബി, 92/8ബി, 92/9ബി, 92/10ബി, 93/8-1, 93/6-1, 94/1-1 എന്നീ റീസർവ്വേ നമ്പരുകളിൽപ്പെട്ട 2.2009 ഹെക്ടർ ഭൂമി എന്ന് ഭേദഗതി വരുത്തുന്നു.

3) പരാമർശം (1)ലെ ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതികളോടെ നിലനില്ക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിംഗ് ലിമിറ്റഡ്, ഫ്ലോർ, നോർക്ക സെന്റർ, തൈക്കാട്, തിരുവനന്തപുരം.

അക്കൌണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം

ജില്ലാ കളക്ടർ, കാസർഗോഡ്

തഹസിൽദാർ, മഞ്ചേശ്വരം

ധനകാര്യവകുപ്പ്(EXP-A2/265/2021-FIN പ്രകാരം)

നിയമവകുപ്പ് (LS/159/2023/Law, 165/2023/IAW പ്രകാരം)

നോർക്ക വകുപ്പ് (NORKA-A2/391/2022-NORKA പ്രകാരം)

നികുതി വകുപ്പ് (നികുതി-സി3/92/2023-നി.വ പ്രകാരം)

പൊതുഭരണ (എസ്.സി)വകുപ്പ് (24/01/2024-ലെ ഇനം നം. 2017 പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ, വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kumari Sindhu S
സെക്ഷൻ ഓഫീസർ
Date: 25-01-2024 16:57:08

സ.ഉ.(കൈ) നം.25/2024/RD

പകർപ്പ് :ബഹു. മുഖ്യമന്ത്രിയുടെ പി,എസ് ന്
ബഹു. റവന്യു വകുപ്പ് മന്ത്രിയുടെ പി,എസ് ന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്
അഡിഷണൽ സെക്രട്ടറിയുടെ സി.എ -യ്ക്ക്
അണ്ടർ സെക്രട്ടറിക്ക്